# GAZETTE DATE : 28.11.2025
# LAST DATE : 31.12.2025

## CATEGORY NO: 484/2025 – 485/2025

### Ist NCA NOTIFICATION

Applications are invited online only by One Time Registration from qualified candidates belonging to the following reservation community of Kerala State for Selection to the under mentioned post in the Kerala Government Service. Applications shall be submitted Online only through the official website of Kerala Public Service Commission (www.keralapsc.gov.in) after ' ONE TIME REGISTRATION' . Candidates who have already registered can apply through their profile. Candidates who have AADHAAR card should add the same as I.D. Proof in their profile.

1. **Department** : **Kerala Police (Mounted Police Unit)**

2. **Name of Post** : **Police Constable (Mounted Police)**

3. **Scale of Pay** : **₹ 31,100 - 66,800/-**

4. **Number of vacancies** :

| Category No. | Community | Vacancies |
|---|---|---|
| 484/2025 | Other Backward Class (OBC) | 1 (One) |
| 485/2025 | Scheduled Caste (SC) | 1 (One) |

**Note:** i) Differently abled candidates and female candidates are not eligible to apply in response to this notification.

ii) Applications submitted by candidates belonging to the communities other than those notified will be summarily rejected. No rejection memo will be issued.

The above vacancies are now in existence. The Ranked list published as per this notification shall remain in force until candidates are advised and appointed against the vacancies earmarked for the above communities, but remain unfilled due to the paucity of candidates during the currency of the Mother Ranked List published as per category No.248/2023 (Ranked List No. 459/2025/ER XV w.e.f 04.06.2025)

5. **Method of appointment** : Direct Recruitment from candidates belongig to OBC and SC communites

6. **Age limit** : For OBC Candidates :18-29 Candidates born between 02.01.1996 and 01.01.2007 (both dates included) only are eligible to apply for this post.

   For SC candidates 18-31. Candidates born between 02.01.1994 and 01.01.2007 (both dates included) only are eligible to apply for this post.Including the relaxation in para 2(i) of the General conditions

   Note:-
   1) The upper age limit shall be relaxed up to 41 years for Ex-service men.

   2) Those who have horse riding experience in Indian Armed Forces/Central Armed Police Forces/National Police Academy or worked in Mounted Police Units of other States will be given upper age relaxation up to 5 years.

   Other conditions regarding age relaxations are not applicable to this selection

**Note:-**

The name, age limit and qualifications of this post has been prescribed as per GO(P)No.50/21/Home dated 02.07.2021. (SRO No.497/21)

**7. Qualification:-**

(1) **Educational:**

a) Must have passed Higher Secondary Examination or its equivalent.

b) Must have minimum one year experience in horse riding from a firm / Sports Club having registration under State / Central Government or State Sports Council / Sports Authority of India.

**Note:** *(i) Rule 10 (a) (ii) of Part II of the KS&SSR is applicable.*

*(ii) The qualified candidates shall be required to pass a proficiency test on the respective subjects prior to the appointment. Proficiency will be assessed by a Practical Test conducted by Kerala Public Service Commission.*

*(iii) In addition to the qualification specified in the Notification, the qualification declared by Government through executive orders or standing orders, as equivalent to the prescribed educational qualification and the higher qualifications of the notified and prescribed basic qualifications shall be accepted. The Government Order regarding the equivalent qualification/higher qualification shall be produced as and when called for by the Commission.*

**Note:** A Certificate in the form shown below should be produced to prove Experience in Horse Riding.

**EXPERIENCE CERTIFICATE**

| | |
|---|---|
| Name of the Firm (Company/Corporation/ Govt. Department/ Co-operative institutions, etc...) | : |
| Registration Number (SSI Registration or Any other Registration No.) | : |
| Date of Registration | : |
| Authority issued Registration | : |

Issued to (here enter Name and Address) Sri. ............................................................................ …......................................................................................................... This is to certify that the above mentioned person has experience in horse riding for …....................years from ......./......../...... to ...../....../........... (from and to details are to be entered in DD/MM/YYYY format), in this Institution. Also certified that this is a firm/Institution having registration under State/Central Government/State Sports Council/Sports Authority of India.

| | | |
|---|---|---|
| Place : | Signature with Date | |
| Date : | Name | |
| | Designation of the issuing Authority with Name of Institution | |

(Office Seal)

**CERTIFICATE**

…................................................................................................................................................
....................................................................................(Name & Address of Firm) has registration under State/Central Government/State Sports Council/Sports Authority of India...............................................................................................................................................
.. vide Registration No...............................................

| | | |
|---|---|---|
| Place: | Signature with Date | |
| Date: | Name of Attesting Officer with Designation and Name of Office, who is the notified enforcement officer as per Act/Rules | |

(Office Seal)

**NB**: The veracity of the experience certificate will be subjected to scrutiny and legal actions will be initiated against those who issue or produce bogus certificate.

The experience should be acquired after obtaining the academic or other basic Qualifications.

(2) **Physical Qualifications:**

All candidates must be physically fit and possess the following minimum physical standards:-

(a) (i) Height : Must not be less than 168 cm.

(ii) Chest : Must not be less than 81 cm round the chest with a minimum expansion of 5 cm

**Note:** 1) Minimum Height and chest measurements shall be 161 cm and 76 cm respectively for Scheduled Castes/Scheduled Tribes candidates. The minimum chest expansion of 5 cm shall however be applicable for them also.

(b) Physical Efficiency Test:- (1) Candidate must be physically fit in all respects and must qualify in any 5 events out of 8 items specified below of the national physical efficiency one star standard test with minimum standard noted against each.

| Sl.No. | Item | Minimum standard of Efficiency |
|---|---|---|
| 1. | 100 Meters Run | 14 Seconds |
| 2. | High Jump | 132.20 cm |
| 3. | Long Jump | 457.20 cm |
| 4. | Putting the Shot (7264 gm) | 609.60 cm |
| 5. | Throwing the cricket ball | 6096 cm |
| 6. | Rope climbing (Hands only) | 365.80 cm |
| 7. | Pull ups/Chinning | 8 times |
| 8. | 1500 meters run | 5 minutes 44 seconds. |

(c) Eye sight :- Must be certified to possess the visual standards specified below without glasses:

| Vision | Right eye | Left eye |
|---|---|---|
| Distant Vision | 6/6 Snellen | 6/6 Snellen |
| Near Vision | 0.5 Snellen | 0.5 Snellen |

**Note:-**

(i) Each eye must have a full field of vision.

(ii) Color Blindness, Squint or any morbid condition of the eye or lids of either eyes shall be a disqualification.

(iii) Must be free from apparent physical defects like knock knee, flat foot, varicose veins, bow legs, deformed limbs, irregular and protruding teeth, defective speech and hearing

(iv) All Candidates should produce, a Medical Certificate in Original in the form prescribed here under, certifying to their Physical fitness and Eye sight without glasses at the time of Physical Efficiency Test. The Medical Certificate should be one obtained from a Medical Officer under the Government not below the Rank of an Assistant Surgeon / Junior Consultant

**Note:** - Physical measurement of candidates will be taken prior to the physical efficiency test and those who do not possess the prescribed physical measurements will not be admitted for the physical efficiency test. If accidents or injuries happen to a candidate while participating in the physical efficiency test, he will not be given further chance to participate in the test.

## FORM OF MEDICAL CERTIFICATE

(To be obtained from Medical Officer not below the rank of an Assistant Surgeon / Junior Consultant)

I have this day medically examined Sri...................................................................... …...................................................................................................................................... (Name & address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock-knee, flat foot, Varicose vein, bow legs, deformed limbs, irregular and protruding tooth and defective speech and hearing. His age according to his own statement is .................................. and by appearance is …......................... and his standards of vision is as follows.

**Standards of Vision**

(without glasses)

| | **Right Eye** | **Left Eye** |
|---|---|---|
| i) Distant Vision | …..........Snellen | …......... Snellen |
| ii) Near Vision | …..........Snellen | …......... Snellen |

iii) Field of Vision ....................

Specify whether field of vision is full or not. Entries such as Normal, Average, Good etc. are inappropriate here)

iv) Colour Blindness ...............................
v) Squint ...............................
vi) Any morbid condition of the eyes or lids of either eye ………………………….
vii) Marks of Identification
1)…………………………………………….
2)…………………………………………….

He is physically fit for the post of Police Constable (Mounted Police) in the Police (Mounted Police Unit)

I certify to the best of my knowledge and belief that the applicant Shri……………………………….............................................................................................................................. (Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: Signature
Date : Name and Designation of the Medical Officer

*(Office Seal)*

Note: Details regarding standards of vision should be clearly stated in the Certificate as given above and vague statement such as Vision Normal/good/Average will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.

8. **Probation:-** Every person appointed shall on completion of training be on probation for a total period of two years on duty within a continuous period of three years.

9. **Training:-** The persons appointed shall undergo pre-service training for a period of nine months in the Police Training College/Kerala Police Academy or in any such other institutions as may be decided by the Government or the State Police Chief.

**Note**: Those who are appointed to the above mentioned categories shall be trainee Police Constables. They shall be eligible for appointment to the regular cadre only after the successful completion of the training in the syllabus as decided by the State Government or the State police Chief. The pre-service training shall be conducted on the basis of the norms and conditions as stipulated in the training manual or as per the standards decided by the Government or State Police Chief. Those who have not completed the training within the prescribed period due to the physical injuries sustained during the training, shall have another opportunity to get training as many as along with two batches. If any candidate as mentioned above is again disqualified in training due to the injury or any other reasons, their appointment above is again disqualified in training due to the injury or any other reasons, their appointment shall be cancelled and the vacancy shall be reported for recruiting new candidates. During the period of training the trainees shall be paid such stipend equivalent to the minimum of the basic pay for the post. The training period shall be treated as duty on declaration of successful completion of training.

10. **Bond:-** Every person selected for appointment have to undergo pre-service training, shall execute a security bond in the form appended to the rules binding himself to serve the State Government.

11. **Area of Service:-**A member of service shall be liable to serve in any part of the State of Kerala irrespective of the Headquarters of the Battalion to which the member belongs to or when so ordered by the State Government in any part of India outside the State.

12. Candidates having 'A', 'B' & 'C' certificate of NCC will be given weightage marks at the rate of 2%, 3% and 5% respectively, vide G.O(Ms) No.112/2007/HEdn.Dated 21.08.2007.

13. Extra Marks will be awarded to meritorious sports persons as per Para 6 of the General Conditions.

14. Student Police Cadet (SPC) Certificate holders will be given weightage marks as per G.O.(MS) No.06/2025/P&RD dated 01.03.2025.

15. **Mode of submitting applications:-**

Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the 'Apply Now' button of the respective posts in the Notification Link to apply for a post. Those candidates who create new profile should upload their photograph taken within six months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application. The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for. The Profile correction made by the candidates themselves or through the office of the Kerala Public Service Commission on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

16. Last date of submission of applications : **31.12.2025 Wednesday** up to 12 midnight.

17. If Written Test/OMR Test/Online Test is conducted as a part of this selection candidate shall submit a confirmation for writing the examination through their One Time Registration Profile. Such candidates

alone can generate and download the admission tickets in the last fifteen days till the date of test. The applications of candidate who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

18. **Special Instructions to candidates:**

(1) In the case of difference in Caste/Community claimed in the application and that entered in the SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/ Community Certificate at the time of certificate verification.

(2) Candidates are required to acquaint themselves with the instructions given in the Notification as Part II, General conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the general conditions are liable to be rejected.

(3) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation or criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details regarding photo, ID card etc refer the general conditions given in part II of the gazette notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 484/2025 – 485/2025
## ഒന്നാം എൻ സി എ വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ താഴെ പറയുന്ന സംവരണ വിഭാഗത്തിലുൾപ്പെടുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം പി.എസ്.സി യുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : **കേരള പോലീസ് (മൗണ്ടഡ് പോലീസ് യൂണിറ്റ്)**

2. **തസ്തികയുടെ പേര്** : **പോലീസ് കോൺസ്റ്റബിൾ (മൗണ്ടഡ് പോലീസ്)**

3. **ശമ്പളം** : **₹ 31,100 – 66,800/–**

4. **ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 484/2025 | മറ്റ് പിന്നോക്ക വിഭാഗം (ഒ ബി സി ) | 1 (ഒന്ന് ) |
| 485/2025 | പട്ടികജാതി (എസ് സി ) | 1 (ഒന്ന് ) |

കുറിപ്പ് : I) ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും വനിതാ ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

iii) മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേക്ക് പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയുടെ കാലയളവിൽ മേൽപരാമർശിച്ച സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ളതും എന്നാൽ മേൽ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയായിരിക്കും (Cat.No.248/2023 Ranked List No.459/2025/ER XV w.e.f 04.06.2025)

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം

ഒ ബി സി ,എസ് സി വിഭാഗങ്ങളിൽ ഉൾപെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം

6. **പ്രായപരിധി** : മറ്റ് പിന്നോക്ക വിഭാഗത്തിൽപെട്ടവർക്ക് (OBC):18–29; ഉദ്യോഗാർത്ഥികൾ 02.01.1996 നും 01.01.2007–നും ഇടയിൽ **(രണ്ട് തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം.**

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് (SC): 18–31; ഉദ്യോഗാർത്ഥികൾ 02.01.1994 നും 01.01.2007–നും ഇടയിൽ (രണ്ട് തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം.പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(1) പ്രകാരമുള്ള വയസിളവ് ഉൾപ്പെടെ.

കുറിപ്പ്:

1. ഉയർന്ന പ്രായപരിധി വിമുക്ത ഭടൻമാരായ ഉദ്യോഗാർത്ഥികൾക്ക് **41** വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു.

2. ഇന്ത്യൻ ആംഡ് ഫോഴ്സ്/സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ്/ നാഷണൽ പോലീസ് അക്കാദമി എന്നിവയിൽ കുതിര സവാരി പരിചയമുള്ളവരോ അല്ലെങ്കിൽ മറ്റു സംസ്ഥാനങ്ങളിലെ മൗണ്ടഡ് പോലീസ് യൂണിറ്റുകളിൽ ജോലി ചെയ്യുന്നവരോ ആയവർക്ക് **5** വർഷം വരെ ഉയർന്ന പ്രായത്തിൽ ഇളവു ലഭിക്കും.
വയസ്സിളവിനെ സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് പൊതു വ്യവസ്ഥയിൽ രണ്ടാം ഖണ്ഡികയിൽ ചേർത്തിട്ടുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

കുറിപ്പ്:

തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ എന്നിവ നിശ്ചയിച്ചിരിക്കുന്നത് 02.07.2021 ലെ G.O(P)No.50/2021/Home (S.R.O No.497/21) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

**7. യോഗ്യതകൾ :**

(1) <u>വിദ്യാഭ്യാസ യോഗ്യത:</u>

a) ഹയർസെക്കന്ററി അല്ലെങ്കിൽ തത്തുല്യപരീക്ഷ വിജയിച്ചിരിക്കണം.

b) സംസ്ഥാന/കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ/ സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ രജിസ്ട്രേഷനുള്ള ഏതെങ്കിലും ഒരു സ്ഥാപനം/സ്പോർട്ട്സ് ക്ലബിൽ നിന്ന് കുതിര സവാരിയിൽ ഒരു വർഷത്തിൽ കുറയാത്ത പരിചയം നേടിയിരിക്കണം.

കുറിപ്പ്*:*

(i) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10(a) (ii) ബാധകമാണ്.

(ii) യോഗ്യരായ ഉദ്യോഗാർത്ഥികൾ നിയമനത്തിനു മുമ്പ് ബന്ധപ്പെട്ട വിഷയത്തിൽ ഒരു പ്രൊഫിഷ്യൻസി ടെസ്റ്റ് വിജയിക്കേണ്ടതുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രാക്ടിക്കൽ ടെസ്റ്റിലൂടെയാണ് പ്രൊഫിഷ്യൻസി വിലയിരുത്തുക.

(iii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതകൾക്കുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

കുറിപ്പ്: കുതിരസവാരിയിലുള്ള പരിചയം തെളിയിക്കുന്നതിന് താഴെപ്പറയുന്ന മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**<u>പരിചയ സർട്ടിഫിക്കറ്റ്</u>**

സ്ഥാപനത്തിന്റെ പേര് (കമ്പനി/കോർപ്പറേഷൻ/സർക്കാർ വകുപ്പ്/സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ) :

രജിസ്ട്രേഷൻ നമ്പർ (എസ് എസ് ഐ രജിസ്ട്രേഷൻ നമ്പർ /വേറെ ഏതെങ്കിലും രജിസ്ട്രേഷൻ നമ്പർ ) :

രജിസ്ട്രേഷൻ തീയതി :

രജിസ്ട്രേഷൻ നൽകിയ അധികാരി :

ശ്രീ (പേരും വിലാസവും ഇവിടെ നൽകുക) .................................................................................. ........................................................................................................ എന്നയാൾക്ക് ഈ സ്ഥാപനത്തിൽ കുതിരസവാരിയിൽ ......................................... വർഷം ................. മാസം .................... ദിവസങ്ങൾ ......................... ....../......../...... മുതൽ ...../....../........... വരെ പരിചയമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു (വിശദാംശങ്ങൾ DD/MM/YYYY ഫോർമാറ്റിൽ നൽകണം)

ഈ സ്ഥാപനത്തിന് സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ/സംസ്ഥാന സ്പോർട്സ് കൗൺസിൽ/ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ രജിസ്ട്രേഷൻ ഉണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

| | | |
|---|---|---|
| സ്ഥലം : | തീയതി സഹിതമുള്ള ഒപ്പ്: | |
| തീയതി : | പേര്: | |
| | നൽകുന്ന അധികാരിയുടെ ഔദ്യോഗിക പദവിയും സ്ഥാപനത്തിന്റെ പേരും : | |

(ഓഫീസ് സീൽ)

**<u>സർട്ടിഫിക്കറ്റ്</u>**

................................................................................................................................................................ ....................................................................................(സ്ഥാപനത്തിന്റെ പേരും മേൽവിലാസവും) എന്ന സ്ഥാപനത്തിന് സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ/സംസ്ഥാന സ്പോർട്സ് കൗൺസിൽ/ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ രജിസ്ട്രേഷൻ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

രജിസ്ട്രേഷൻ നമ്പർ ..................................................................................................

| | |
|---|---|
| തിയ്യതി സഹിതമുള്ള ഒപ്പ് | |
| നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് എൻഫോഴ്സ്മെൻറ് ഓഫീസറായി നിയമിക്കപ്പെട്ടിട്ടുള്ള മേലൊപ്പ് വയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും സ്ഥാപനത്തിന്റെ പേരും | |

സ്ഥലം:
തിയ്യതി:

(ഓഫീസ് സീൽ)

**NB: പരിചയ സർട്ടിഫിക്കറ്റിന്റെ ആധികാരികത സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവർക്കും ആയത് ഹാജരാക്കുന്നവർക്കും എതിരെ നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്**

അക്കാദമിക് അല്ലെങ്കിൽ മറ്റ് അടിസ്ഥാന യോഗ്യത നേടിയതിനു ശേഷം ആയിരിക്കണം തൊഴിൽ പരിചയം നേടിയിരിക്കേണ്ടത്.

(2) ശാരീരിക യോഗ്യതകൾ :

എല്ലാ ഉദ്യോഗാർത്ഥികളും ശാരീരിക ക്ഷമതയുള്ളവരും കുറഞ്ഞത് താഴെപ്പറയുന്ന ശാരീരിക അളവുകൾ ഉള്ളവരുമായിരിക്കണം:-

(a) (i) ഉയരം: 168 cm ൽ കുറയരുത്
(ii) നെഞ്ചളവ്: കുറഞ്ഞത് 81 സെ.മീ ഉം പൂർണ്ണ ഉച്ഛ്വാസത്തിൽ കുറഞ്ഞത് 5 സെ.മീ വികാസവും.

കുറിപ്പ്: 1) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് *161* സെ.മീ ഉയരവും *76* സെ.മീ നെഞ്ചളവും മതിയാകുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ വിഭാഗം ഉദ്യോഗാർത്ഥികൾക്കും നെഞ്ചളവിൽ കുറഞ്ഞത് *5* സെ.മീ വികാസം എന്ന നിബന്ധന ബാധകമാകുന്നതാണ്.

(b) കായികക്ഷമതാ പരീക്ഷ _ ഉദ്യോഗാർത്ഥികൾ കായികക്ഷമതയുള്ളവരായിരിക്കണം കൂടാതെ നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**(c)** കാഴ്ച ശക്തി:- ഉദ്യോഗാർത്ഥികൾ കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ച ശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തണം.

| കാഴ്ച | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ്:

(i) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

(ii) വർണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(iii) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ,കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഇല്ലാത്തവരായിരിക്കണം.

(iv) ശാരീരിക ക്ഷമതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റ് സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങേണ്ടതാണ്.

കുറിപ്പ്: ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ് കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി നടത്തുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

## FORM OF MEDICAL CERTIFICATE

**(To be obtained from Medical Officer not below the rank of an Assistant Surgeon / Junior Consultant)**

I have this day medically examined Sri...................................................................................................
…..........................................................................................................................................................
(Name & address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock-knee, flat foot, Varicose vein, bow legs, deformed limbs, irregular and protruding tooth and defective speech and hearing. His age according to his own statement is .................................. and by appearance is …......................... and his standards of vision is as follows.

**Standards of Vision**

(without glasses)

| | Right Eye | Left Eye |
|---|---|---|
| i) Distant Vision | …..........Snellen | …......... Snellen |
| ii) Near Vision | …..........Snellen | …......... Snellen |

iii) Field of Vision ....................

(Specify whether field of vision is full or not. Entries such as Normal, Average, Good etc are inappropriate here)

iv) Colour Blindness ...............................

v) Squint ...............................

vi) Any morbid condition of the eyes or lids of either eye ………………………….

vii) Marks of Identification

1)…………………………………………….

2)…………………………………………….

He is physically fit for the post of Police Constable (Mounted Police) in the Police Department.

I certify to the best of my knowledge and belief that the applicant Sri …..................………………
…...................................................................................................................................………………..
(Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: Signature

Date : Name and Designation of the Medical Officer

*(Office Seal)*

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ', 'ആവറേജ്', 'ഗുഡ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

8. **പ്രൊബേഷൻ:-** പരിശീലനം പൂർത്തിയാകുമ്പോൾ, ടി തസ്തികയിൽ നിയമിക്കപ്പെടുന്നവർ തുടർച്ചയായി മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷത്തേക്ക് പ്രൊബേഷനിൽ ആയിരിക്കും.

9. **പരിശീലനം:-** ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന വ്യക്തികൾ പോലീസ് ട്രെയിനിംഗ് കോളേജ്/കേരള പോലീസ് അക്കാദമി അല്ലെങ്കിൽ സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ തീരുമാനിക്കുന്ന മറ്റേതെങ്കിലും സ്ഥാപനങ്ങൾ എന്നിവയിൽ ഒമ്പത് മാസത്തേക്ക് പ്രീ-സർവീസ് പരിശീലനം നേടണം.
   കുറിപ്പ്: മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലേക്ക് നിയമിക്കപ്പെടുന്നവർ ട്രെയിനി പോലീസ് കോൺസ്റ്റബിൾമാരായിരിക്കും. സംസ്ഥാന ഗവൺമെന്റോ സംസ്ഥാന പോലീസ് മേധാവിയോ തീരുമാനിക്കുന്ന സിലബസിലെ പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം മാത്രമേ അവർക്ക് റെഗുലർ കേഡറിലേക്ക് നിയമനത്തിന് അർഹതയുള്ളൂ. പരിശീലന മാനുവലിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലോ സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ തീരുമാനിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചോ ആണ് പ്രീ-സർവീസ് പരിശീലനം നടത്തുന്നത്. പരിശീലനത്തിനിടെയുണ്ടായ ശാരീരിക പരിക്കുകൾ കാരണം നിശ്ചിത കാലയളവിനുള്ളിൽ പരിശീലനം പൂർത്തിയാക്കാത്തവർക്ക് മറ്റ് രണ്ട് ബാച്ചുകളോടൊപ്പം പരിശീലനം നേടാനുള്ള അവസരം കൂടി ഉണ്ടായിരിക്കുന്നതാണ്. പരിക്ക് മൂലമോ മറ്റെന്തെങ്കിലും കാരണങ്ങളാലോ പരിശീലനത്തിൽ വീണ്ടും അയോഗ്യരാക്കപ്പെടുകയാണെങ്കിൽ, അവരുടെ നിയമനം റദ്ദാക്കുകയും പുതിയ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനായി ഒഴിവ് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നതാണ്. പരിശീലന കാലയളവിൽ ട്രെയിനികൾക്ക് തസ്തികയുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളത്തിന് തുല്യമായ സ്റ്റൈപ്പൻഡ് നൽകുന്നതായിരിക്കും. പരിശീലനം വിജയകരമായി പൂർത്തിയാക്കുമ്പോൾ പരിശീലന കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.

10. **ബോണ്ട്:-** നിയമനത്തിനായി തിരഞ്ഞെടുക്കപ്പെട്ട പ്രീ-സർവീസ് പരിശീലനത്തിന് വിധേയരാകുന്ന ഓരോ വ്യക്തിയും നിയമപ്രകാരം സംസ്ഥാന സർക്കാരിനെ സ്വയം സേവിക്കാൻ ബാധ്യസ്ഥനാകുന്ന ഒരു സെക്യൂരിറ്റി ബോണ്ട് നിയമപ്രകാരം സമർപ്പിക്കേണ്ടതാണ്.

11. **സേവന മേഖല:-** ഉദ്യോഗസ്ഥർ ബറ്റാലിയന്റെ ആസ്ഥാനം പരിഗണിക്കാതെ സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ കേരള സംസ്ഥാനത്തിന്റെ ഏത് ഭാഗത്തും അല്ലെങ്കിൽ സംസ്ഥാനത്തിനു പുറത്ത് ഇന്ത്യയുടെ ഏതു ഭാഗത്തും സേവനമനുഷ്ഠിക്കാൻ ബാധ്യസ്ഥനായിരിക്കും.

12. എൻ.സി.സി യുടെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം '2%', '3%', '5%' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതായിരിക്കും.

13. പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.

14. 01.03.2025 തീയതിയിലെ G.O.(MS) No.06/2025/P&RD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾ വെയിറ്റേജ് മാർക്കിന് അർഹരാണ്.

15. **അപേക്ഷ സമർപ്പിക്കുന്ന രീതി**

    ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ 'Apply Now' -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതിയ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ്ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Application link click ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടി സമർപ്പിക്കേണ്ടതാണ്. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷന് മുമ്പാകെ ഒരിക്കൽ സമർപ്പിച്ച അപേക്ഷ സോപാധികമായി

സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിച്ചതിന് ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിയ്ക്കു ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം നടത്തുന്ന തിരുത്തലുകളും പ്രസ്തുത അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലമുണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

**16.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **: 31.12.2025 ബുധനാഴ്ച** രാത്രി 12 മണി വരെ.

**17.** ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**18.** **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:-**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ജാതിമാറ്റം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് സംബന്ധിച്ച വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ വായിച്ചു നോക്കുക)

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ